**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2717** **13-02-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരിയിലെ സി.എഫ്.എസ്.സിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 1994-ൽ മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ വ്യവസായ വകുപ്പിന് കീഴിൽ സ്ഥാപിതമായ സി.എഫ്.എസ്.സി മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2023 ഡിസംബർ വരെ എത്ര റബ്ബർ കർഷകർക്ക് ഗുണഫലം ലഭിച്ചിട്ടുണ്ട്; എത്ര പരിശീലനങ്ങൾ നൽകാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | മഞ്ചേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ മുഖേന ഡ്രൈ റബ്ബർ കണ്ടന്റ് ടെസ്റ്റിംഗ് നടത്തുന്നതു പ്രകാരം 909 റബ്ബർ കർഷകർക്ക് തുടർച്ചയായി നേരിട്ട് അതിന്റെ ഗുണഫലം ലഭിച്ചു വരുന്നു.<br>കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ മുഖേന 2019 മെയ് മാസം മുതൽ 2023 ഡിസംബർ മാസം വരെ 29 പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിൽ 2 പരിശീലനങ്ങളിലായി 54 കർഷകർക്ക് നേരിട്ടും 55 വനിതകൾക്ക് സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായും 3 പരിശീലന പരിപാടികളിലായി 66 സംരംഭകർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 622 ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 24 പരിശീലന പരിപാടികളിലൂടെയും സേവനം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.<br>മേൽ പറഞ്ഞത് കൂടാതെ 199 ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾ പഠന പദ്ധതിയുടെ ഭാഗമായുള്ള പ്രൊജക്ട് വർക്കുകൾക്കും ഗവേഷണ വിദ്യർത്ഥികൾ 21 റിസർച്ച് വർക്കുകൾക്കും കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ സ്ഥാപനത്തിൽ എത്തുന്ന സംരംഭകർക്കും പരിശീലനാർത്ഥികൾക്കും ഫെസിലിറ്റേഷൻ നൽകുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ അഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | വർഷങ്ങളായി ഒഴിഞ്ഞു കിടന്നിരുന്ന ഫോർമാൻ (റബർ) തസ്തികയിൽ ബൈ ട്രാൻസ്ഫർ വഴി ജീവനക്കാരനെ നിയമിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (സി) | എഴ് മാസമായി (29.01.2022 മുതൽ 30.08.2022 വരെ) ഒഴിഞ്ഞു കിടന്നിരുന്ന ഫോർമാൻ (റബർ) തസ്തികയിലെ നിയമനം ഇൻഡസ്ട്രീസ് സർവീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ബൈ ട്രാൻസ്ഫർ മുഖേന നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഫോർമാൻ (റബർ) തസ്തികയിലേക്ക് അപേക്ഷ നൽകി പ്രസ്തുത തസ്തികയിലേക്ക് നിയമിതനായതിനു ശേഷം ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത വ്യക്തിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഫോർമാൻ തസ്തികയുമായി ഒരു ബന്ധവുമില്ലാത്ത മറ്റൊരു തസ്തികയിലേക്ക് നിയമവിരുദ്ധമായി നിയമിച്ചതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനം അവതാളത്തിലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഫോർമാൻ (റബർ) തസ്തികയിലെ ഉദ്യോഗസ്ഥനെ മറ്റൊരു തസ്തികയിലേയ്ക്ക് നിയമിച്ചതുകൊണ്ട് സ്ഥാപനത്തിൻറെ പ്രവർത്തനം അവതാളത്തിലായെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ ഈ നടപടി പിൻവലിച്ച് ഉദ്യോഗസ്ഥന്റെ സേവനം വ്യവസായ സമൂഹത്തിന് ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ഇ) | വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട് ജീവനക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്കും വ്യവസായ സമൂഹത്തിനും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കിയിട്ടുണ്ട്. |
| (എഫ്) | സി.എഫ്.എസ്.സിയിൽ ഒഴിവുള്ള മറ്റ് തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ? | (എഫ്) | സി.എഫ്.എസ്.സി-കളിലെ ഒഴിവുള്ള മറ്റ് തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സി.എഫ്.എസ്.സി. കളിലെ മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് - 1, മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് - II തസ്തികകൾ കേരള ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിന്റെ ഭാഗമാക്കി 06.05.2015 ലെ G.O.(Ms) No. 54/2015/ID പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവിൽ ഈ തസ്തികകളുടെ യോഗ്യതയും നിയമന രീതിയും പ്രതിപാദിച്ചിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ, കേരള ഇൻഡസ്ട്രീസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളായ 17.02.2001 ലെ G.O.(P) No. 30/2001 /ID ഭേദഗതി ചെയ്ത് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് - 1 (റബ്ബർ), മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് - 1 (പ്ലാസ്റ്റിക്), മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് - I (ടൂൾ റൂം), മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് -II റബ്ബർ, മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് -II (പ്ലാസ്റ്റിക്), മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് -II (ടൂൾ റൂം) എന്നീ തസ്തികകളും അവയുടെ നിയമന രീതി, യോഗ്യതകൾ തുടങ്ങിയവയും ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാ രിന്റെ പരിഗണനയിലാണ്.<br><br>സി.എഫ്.എസ്.സി. മഞ്ചേരിയിൽ മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് - II (ടൂൾ റൂം ) – രണ്ട് ഒഴിവുകളും മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് - II(റബ്ബർ) – രണ്ട് ഒഴിവുകളും, ഇലക്ട്രിഷ്യൻ ഒരു ഒഴിവും, ഫോർമാൻ റബ്ബർ - ഒരു ഒഴിവും എന്നിങ്ങനെ നാല് തസ്തികകളിലായി ആറു ഒഴിവുകൾ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | ഫോർമാൻ (റബ്ബർ)-നെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഭാഗമായുള്ള ഡോക്യുമെന്റേഷൻ സെന്ററിലെ വ്യവസായ കേരളം മാസികയുടെ എഡിറ്റർ തസ്തികയിലേക്ക് നിയമിച്ചിട്ടുള്ളതിനാലാണ് സി.എഫ്.എസ്.സി. മഞ്ചേരിയിലെ ഫോർമാൻ (റബ്ബർ) തസ്തികയിൽ നിലവിൽ ഒഴിവ് വന്നിട്ടുള്ളത്. ടി തസ്തികയുടെ അധിക ചുമതല ഫോർമാൻ (ടൂൾറ്റൂം)-ന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ